(സി) കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ നേരിട്ട് നടത്തുന്ന എല്ലാ പ്രോജക്ടുകളുടെയും മേൽനോട്ടമാണ് അദ്ദേഹം വഹിക്കുന്നത്.

(ഡി) കേരള പി.എസ്.സി. നടത്തുന്ന പരീക്ഷകൾ പ്രോജക്ട് മാനേജർ പാസാകണമെന്ന് നിബന്ധനയില്ല. കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷനിൽ നിയമിക്കപ്പെട്ടതായ എല്ലാ വിഭാഗം ജീവനക്കാരെയും (18 പേർ) സൂപ്പർവൈസ് ചെയ്യുന്നത് പ്രോജക്ട് മാനേജരാണ്.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഏറ്റെടുക്കാൻ നടപടി**

**152 (6320)** ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെറുകിട വ്യവസായ സംരംഭകർക്ക് കൂടുതൽ സഹായകരമായ വിധത്തിൽ വായ്പാ സഹായങ്ങൾ അനുവദിക്കുന്നത് കൂടുതൽ ഉദാരമാക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഉടമസ്ഥത വ്യവസായ വകുപ്പ് ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

**ഭൂഗർഭജലം കുടിവെള്ളമായി വിൽക്കുന്ന സ്ഥാപനങ്ങൾ**

**153 (6321)** ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂഗർഭജലം വ്യാവസായിക അടിസ്ഥാനത്തിൽ കുപ്പികളിലാക്കിയ കുടിവെള്ളമായി വിൽക്കുന്ന സ്ഥാപനങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ വൻതോതിൽ ഭൂഗർഭജലം ഉപയോഗിക്കുന്നതുമൂലം ഉണ്ടാകാൻ സാധ്യതയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 50 സ്ഥാപനങ്ങൾ.

(സി) 3 യൂണിറ്റുകൾ.

LIBRARY ARCHIVES Kerala Legislative Assembly

1. മെ. വരുണ അക്വാ പ്രൈ. ലിമിറ്റഡ്, പ്ലോട്ട് നം.43, കിൻഫ്ര പാർക്ക്, തുമ്പ, കഴക്കൂട്ടം (ഭൂഗർഭ ജലം കുപ്പികളിലാക്കി വിൽക്കുന്നു).

2. മെ. സൂര്യ ഇൻഡസ്ട്രീസ്, കല്ലാർവായി, പേപ്പാറ ഡാം, വിതുര, നെടുമങ്ങാട് (ഭൂഗർഭ ജലം കുപ്പികളിലാക്കി വിൽക്കുന്നു).

3. മെ. കാറിൽ ഇൻഡസ്ട്രീസ്, നെടുമ്പറമ്പ്, കിളിമാനൂർ (കിണർജലം കുപ്പികളിലാക്കി വിൽക്കുന്നു).

(ഡി) വ്യവസായ വകുപ്പ് പഠനമൊന്നും നടത്തിയിട്ടില്ല.

**കൈത്തറി വസ്ത്രവിപണിയിൽ വ്യാജ ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം തടയുന്നതിന് നടപടി**

**154 (6326)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി വസ്ത്ര വിപണിയിൽ വ്യാജ ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ കൈത്തറി വസ്ത്രവിപണിയിൽ ഏതൊക്കെ തരത്തിലുള്ള വ്യാജ ഉൽപ്പന്നങ്ങളാണുള്ളത് എന്നറിയിക്കുമോ ;

(സി) സംസ്ഥാനത്തിന് പുറത്തു നിന്നുള്ള ഇത്തരം ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് പ്രവേശിപ്പിക്കുന്നത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന എല്ലാ കൈത്തറി ഉൽപ്പന്നങ്ങൾക്കും ഹാന്റ്ലൂം മാർക്ക് നൽകുന്നതിനാവശ്യമായ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഇത്തരം വ്യാജ ഉൽപ്പന്നങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ പരസ്യ പ്രചരണങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൈത്തറി വസ്ത്ര വിപണിയിൽ വ്യാജ ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം തടയുന്നതിന് പ്രധാനമായ പരിഹാരം "ഹാന്റ്ലൂം മാർക്ക്" പ്രോത്സാഹിപ്പിക്കുകയാണ്. ഹാന്റ്ലൂംമാർക്ക് രജിസ്ട്രേഷൻ എല്ലാ കൈത്തറി സഹകരണ സംഘങ്ങൾക്കും ലഭ്യമാക്കാൻ സർക്കാർ ഒരു പദ്ധതി ആസൂത്രണം ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly